മാതൃഭൂമി
20 September 2017

# മണ്ണില്ലാതെയും ജൈവകൃഷി; നടീൽ മിശ്രിതം ലഭിക്കും

**കൊച്ചി:** ജൈവകൃഷിയിൽ താത്പര്യമുള്ളവർക്ക് എറണാകുളം കൃഷിവിജ്ഞാന കേന്ദ്രത്തിനു കീഴിൽ വികസിപ്പിച്ച മണ്ണില്ലാ നടീൽ മിശ്രിതം ഇനി മുതൽ മണ്ണിനു പകരമായി ഉപയോഗിക്കാം.

പൊതുജനങ്ങൾക്കിടയിൽ ഈ മിശ്രിതം പരിചയപ്പെടുത്തുന്നതിനായി വ്യാഴാഴ്ച സി.എം.എഫ്.ആർ.ഐ.യിൽ വിപണന മേള സംഘടിപ്പിക്കും. 9.30 മുതൽ അഞ്ച് വരെ മേളയിൽ നിന്ന് മിശ്രിതം വാങ്ങാം. മിശ്രിതം വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാൻ സംരംഭകരെ ലക്ഷ്യമിട്ട് ബിസിനസ് ഡെസ്കും മേളയിൽ പ്രവർത്തിക്കും.

പഞ്ചസാര മില്ലുകളിൽ നിന്ന് പുറംതള്ളുന്ന പ്രെസ്മഡ് എന്ന ഉപോത്പന്നം കമ്പോസ്റ്റ് ചെയ്താണ് മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന മിശ്രിതം വികസിപ്പിച്ചത്. അഞ്ച് കിലോ പ്രെസ്മഡ്, 2.5 കിലോ ചാണകപ്പൊടി, 2.5 കിലോ ചകിരിച്ചോർ എന്നിവ ഡോളമൈറ്റ്, സ്യൂഡോമൊണാസ്, വേപ്പിൻ പിണ്ണാക്ക് എന്നിവ ചേർത്തുണ്ടാക്കുന്ന ഈ മിശ്രിതം പോഷക സമ്പുഷ്ടവും പലതവണ ഉപയോഗിക്കാവുന്നതുമാണ്.

കെ.വി.കെ.യുടെ സാങ്കേതിക പിന്തുണയോടെ വൈപ്പിൻ ഹരിശ്രീ സ്വയംസഹായ സംഘമാണ് മിശ്രിതം വിൽപ്പനയ്ക്കായി തയ്യാറാക്കുന്നത്. പത്ത് കിലോയുടെ പാക്കറ്റുകളായാണ് ലഭിക്കുക. മണ്ണില്ലാ മിശ്രിതത്തിന്റെ പാക്കറ്റുകളിൽ നേരിട്ട് ചെടികൾ നടാമെന്നതിനാൽ ഗ്രോബാഗുകൾ ഉപയോഗിക്കേണ്ടതില്ല.

ഒരു പാക്കറ്റിന് 100 രൂപയാണ് വില. ഫോൺ 8281757450.